കോട്ടയം	-	151
ഇടുക്കി	-	50
എറണാകുളം	-	119
തൃശ്ശൂർ	-	122
പാലക്കാട്	-	83
മലപ്പുറം	-	38
കോഴിക്കോട്	-	51
വയനാട്	-	20
കണ്ണൂർ	-	37
കാസർഗോഡ്	-	68
ആകെ		881

മുട്ടത്തറ കേപ്പ് എഞ്ചിനീയറിംഗ് കോളേജ്

118(2319) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 അദ്ധ്യയന വർഷത്തിൽ മുട്ടത്തറ കേപ്പ് എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; എ.ഐ.സി.റ്റി.ഇ. അംഗീകാരം കിട്ടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കോളേജിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും; നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര രൂപ ചെലവായി ; ഏതൊക്കെ പണികളാണ് പൂർത്തിയാക്കാനുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) കോളേജിന് ആവശ്യമായ ഫർണിച്ചറുകളുടെ ഓർഡർ നൽകുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ എന്നാണ് കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റി നൽകിയത്; ഓർഡർ നൽകുന്നതിനുള്ള തടസ്സം എന്താണ്; ഇതിന് ചുമതലപ്പെട്ട കേപ്പ്-ലെ ഉദ്യോഗസ്ഥർ ആരാണ് ;

(ഡി) പ്രസ്തുത കോളേജിന് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കാൻ ഏതൊക്കെ ലാബുകളാണ് സജ്ജീകരിക്കേണ്ടത് ; പ്രസ്തുത ലാബുകൾക്കുള്ള ഉപകരണങ്ങൾ വാങ്ങാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു

(ഇ) പ്രസ്തുത കോളേജിനു വേണ്ടി വർക്ക്ഷോപ്പ് സജ്ജീകരിക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികളാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ക്രമീകരണങ്ങൾക്ക് ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത കോളേജിലെ ലൈബ്രറി, കമ്പ്യൂട്ടർ ലാബ് എന്നിവ സജ്ജീകരിക്കുന്നതിന് ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; എത്ര കമ്പ്യൂട്ടർ വാങ്ങാനാണ് ഓർഡർ നൽകിയിട്ടുള്ളത് ; ഓർഡർ നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ആരാണ് ;

(ജി) പ്രസ്തുത കോളേജിന് വേണ്ടി ഇലക്ട്രിക് കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2016-17 അദ്ധ്യയന വർഷത്തിൽ മുട്ടത്തറ കേപ്പ് എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഇല്ല. 2015-16-ൽ കോളേജ് ആരംഭിക്കുന്നതിന് അംഗീകാരത്തിനുവേണ്ടി എ.ഐ.സി.റ്റി.ഇ.-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതുകൊണ്ട് അംഗീകാരം ലഭിച്ചില്ല. കെട്ടിട നിർമ്മാണം പുരോഗമിച്ചുവരുന്നു. അപേക്ഷ ക്ഷണിക്കുന്നതനുസരിച്ച് എ.ഐ.സി.റ്റി.ഇ.-ക്ക് അംഗീകാരത്തിനുള്ള അപേക്ഷ നൽകുന്നതാണ്.

(ബി) 31-12-2015-ന് മുമ്പ് പണി പൂർത്തീകരിക്കുവാൻ കരാറുകാരന് കേപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ചെലവായ തുക 7,09,89,761 രൂപയാണ്. ഇനിയും പൂർത്തിയാക്കാനുള്ള പണികൾ താഴെപ്പറയുന്നു:

1. കോമ്പൗണ്ട് വാൾ
2. ഇലക്ട്രിക്കൽ വർക്
3. ക്യാമ്പസ് റോഡ്
4. യാർഡ് ലെവലിംഗ്
5. പാർക്കിംഗ് ഏരിയ
6. കോമ്പൗണ്ട് ഗേറ്റ്
7. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും അക്കാഡമിക് ബ്ലോക്കിന്റെയും ഫിനിഷിംഗ് പണികൾ
8. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പർഗോള.

(സി) ഭരണാനുമതി നൽകിയത് 6-3-2015-നാണ്. ഉപകരണങ്ങളും ഫർണിച്ചറും വാങ്ങുന്നതിനുള്ള ടെൻഡർ നോട്ടീസ് ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിന് ചുമതലപ്പെട്ട കേപ്പിലെ ഉദ്യോഗസ്ഥൻ കേപ്പിന്റെ ഡയറക്ടറാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) താഴെപ്പറയുന്ന ലാബുകളാണ് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കുന്നതിനുവേണ്ടി സജ്ജീകരിക്കേണ്ടത്:

1. മെക്കാനിക്കൽ വർക്ക്ഷോപ്പ്
2. ഇലക്ട്രിക്കൽ വർക്ക്ഷോപ്പ്
3. കമ്പ്യൂട്ടർ ലാബ്/സെന്റർ
4. ഫിസിക്സ് ലാബ്
5. കെമിസ്ട്രി ലാബ്
6. ഇലക്ട്രോണിക്സ് വർക്ക്ഷോപ്പ്
7. സിവിൽ വർക്ക്ഷോപ്പ്
8. ലാംഗ്വേജ് ലാബ്

ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

(ഇ) ഉണ്ട്. വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ പണി പൂർത്തിയായിവരുന്നു. ഫ്ലോറിംഗ് ഇനിയും പൂർത്തിയായിട്ടില്ല. വർക്ക്ഷോപ്പ് ക്രമീകരിക്കുന്നതിന്റെ ഉത്തരവാദിത്വം കോളേജ് പ്രിൻസിപ്പാൾ ഇൻ ചാർജ്ജിനാണ്.

(എഫ്) ലൈബ്രറി, കമ്പ്യൂട്ടർ ലാബ് എന്നിവ സജ്ജീകരിക്കുന്നതിനാവശ്യമായ ഫർണിച്ചറുകൾ, പുസ്തകങ്ങൾ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങേണ്ടതായിട്ടുണ്ട്. ഇവ വാങ്ങുന്നതിനുള്ള ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ കേപ്പ് ഡയറക്ടറാണ്.

(ജി) ഇലക്ട്രിക് കണക്ഷൻ, വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് ലോൺ കടിശ്ശികയടവിനത്തിൽ ഇളവുകൾ

119 (2320) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് ലോൺ കുടിശ്ശികയടവിനത്തിൽ ഏതെല്ലാം തരത്തിലുള്ള ഇളവുകൾ ലഭ്യമാക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതിന് ഏതെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടതെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly